## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5969 04.11.2016 -ലെ മറുപടിയ്ക്ക്

### സ്വാശ്രയ മേഖലയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

*ചോദ്യം*
ശ്രീ. കെ. എസ്. ശബരീനാഥൻ

*ഉത്തരം*
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ മേഖലയിൽ ഇനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കില്ലായെന്ന തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്വാശ്രയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്ന വിഷയം ഈ സർക്കാർ പരിശോധിക്കുകയും, അൺ എയ്ഡഡ് സെൽഫ് ഫൈനാൻസ് മേഖലയിൽ പുതിയ കോളേജുകൾ തുടങ്ങാൻ അനുമതി നല്കേണ്ടതില്ല എന്ന് നയപരമായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, സ്വാശ്രയ മേഖലയിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ വെബ് സൈറ്റിൽ അപേക്ഷ ക്ഷണിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | എന്നാൽ ആരോഗ്യവകുപ്പിൻ കീഴിൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം സർക്കാർ / അർദ്ധ സർക്കാർ / സ്വകാര്യ സ്ഥാപനങ്ങൾ / കമ്പനികൾ എന്നിവയിൽ നിന്നും പുതിയ കോളേജുകൾ /കോഴ്സുകൾ, സീറ്റ് വർദ്ധനവ് എന്നിവയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് എല്ലാ വർഷവും കേരള ആരോഗ്യ സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിക്കാറുണ്ട്. ഈ വർഷത്തെ വിജ്ഞാപനം 30.07.2016 ൽ ചേർന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ 33.19 നമ്പർ തീരുമാനപ്രകാരം 22.09.2016 ൽ 30/AC-B/2016/KUHS നമ്പർ പ്രകാരം സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ